# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2637 — 12.3.2018 -ൽ മറുപടിക്ക്

## സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള സെലക്ഷൻ സമിതിയിലെ സർക്കാർ നോമിനികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോജി.എം.ജോൺ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള സെലക്ഷൻ സമിതിയിൽ സർക്കാർ നോമിനികൾ ഉണ്ടോ; എങ്കിൽ അവരെ ആരാണ് നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്, നിലവിലെ കെ.ഇ.ആർ ചട്ടപ്രകാരം സർക്കാർ നോമിനിയെ ഹയർ സെക്കണ്ടറി ഡയറക്ടർ ഓരോ അക്കാദമിക വർഷത്തേക്കുമായി തയ്യാറാക്കുന്ന ഡെപ്യൂട്ടി കളക്ടർ/ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരുടെ പാനലുൽ നിന്ന് മാനേജർക്ക് തെരഞ്ഞെടുക്കാവുന്നതാണ്. പ്രസ്തുത ഉദ്യോഗസ്ഥനെ സർക്കാർ നോമിനിയായി നിശ്ചയിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത സർക്കാർ നോമിനിയടങ്ങുന്ന പാനൽ അദ്ധ്യാപക തസ്തികയിലേക്ക് ഉദ്യോഗാർത്ഥിയെ ശുപാർശ ചെയ്യുകയുമാണ് ചെയ്യുന്നത്. |
| (ബി) സർക്കാർ നോമിനിയെ മാനേജർക്ക് നിർദ്ദേശിക്കാവുന്ന തരത്തിൽ ഇതു സംബന്ധിച്ച ഉത്തരവ് പുതുക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് അറിയിക്കുമോ? | (ബി) അദ്ധ്യാപക നിയമനത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും അക്കാദമീയമായ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി പാനലിൽ ഉൾപ്പെടാത്ത ചട്ടപ്രകാരമുള്ള റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ മാനേജർ ശുപാർശ ചെയ്താൽ അവരെ സർക്കാർ നോമിനിയായി അനുവദിച്ച നൽകാമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ